ബാലവേല തടയാൻ നടപടി

2 [*231] ശ്രീ. പി. നാരായണൻ :

" ബിനോയ് വിശ്വം :

" എൻ. രാജൻ :

" എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം മേഖലകളിലും മറ്റും കുറഞ്ഞ കൂലിക്ക് പണിയെടുപ്പിക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കോൺട്രാക്ട് വ്യവസ്ഥയിൽ കൊണ്ടു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് കണ്ടുപിടിപ്പിക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര കുട്ടികൾ പണിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ഡി) സംസ്ഥാനത്ത് ബാലവേല കർശനമായി തടയുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): (എ) ചില പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമത്തിലെ വ്യവസ്ഥകൾ തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത നിയമപ്രകാരം തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. കഠിനപ്രയത്നം ആവശ്യമുള്ള തൊഴിലുകൾ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ കൊണ്ടു ചെയ്യിക്കുന്നത് ഈ നിയമംമൂലം നിരോധിച്ചിട്ടുണ്ട്. എന്നാൽ കഠിനപ്രയത്നം ആവശ്യമില്ലാത്ത ജോലി 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ കൊണ്ട് ചില വ്യവസ്ഥകൾക്കു വിധേയമായി ചെയ്യിക്കുന്നത് ഈ നിയമപ്രകാരം ശിക്ഷാർഹമല്ല. കഠിനപ്രയത്നം ആവശ്യമുള്ള തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികളെ ജോലിയിൽ നിന്നും വിടുതൽ ചെയ്ത് പുനരധിവസിപ്പിക്കുന്നതിന് 14 ജില്ലകളിലും ജില്ലാകളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറുമായി ജില്ലാ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ-കം-വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനത്തിനാവശ്യമായ പണം യഥാസമയം അനുവദിച്ചു നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുട്ടികളെ കോൺട്രാക്റ്റ് വ്യവസ്ഥയിൽ കൊണ്ടുവന്ന് പണിയെടുപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിൽ ബാലവേല സംബന്ധമായി നടത്തിയ സർവെയിൽ സംസ്ഥാനമൊട്ടാകെ 400-ൽ താഴെ കേസ്സുകൾമാത്രമേ കണ്ടെത്താനായിട്ടുള്ളു. സർവേ സംബന്ധമായ പൂർണ്ണവിവരം ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) സംസ്ഥാനത്ത് എല്ലാ സ്ഥാപനങ്ങളിലും തൊഴിവുകളിലും ബാലവേല പൂർണ്ണമായി നിരോധിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ചൈൽഡ് ലേബർ (റിവിസ്, റീഹാബിലിറ്റേഷൻ ആന്റ് വെൽഫയർ) ബിൽ" സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി ഒരു ഡോക്യുമെന്ററി ഫിലിം നിർമ്മിക്കുവാനും ഉദ്ദേശിക്കുന്നു. ഈ രംഗത്ത് പ്രവർത്തിച്ചുവരുന്ന സന്നദ്ധസംഘടനകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബാലവേല വിമുക്തമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ : തോട്ടം മേഖലയിലും മറ്റും കുറഞ്ഞകൂലിക്ക് പണി എടുപ്പിക്കുന്നതിനായി മറ്റുസംസ്ഥാനങ്ങളിൽനിന്ന് ധാരാളം കുട്ടികളെ കോൺട്രാക്ട് വ്യവസ്ഥയിൽ കൊണ്ടുവരുന്നതായി ചില പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞു. അങ്ങനെ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇത്തരം ഇടനിലക്കാരുടെ പേരിൽ എന്തെല്ലാം ശിക്ഷണ നടപടികളാണ് ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത് ?

ശ്രീ. ബാബു ദിവാകരൻ : തോട്ടം മേഖലയിലെ അല്ല. മറ്റുമേഖലകളിലെ കാര്യം ആണ് പറഞ്ഞത്. ഈ അടുത്തകാലത്ത് കൊടുങ്ങല്ലൂരും അതുപോലെ തൃശൂർ ജില്ലയിലെ മറ്റൊരു സ്ഥലത്തും ഇങ്ങനെ കുട്ടികളെ വാനിൽ കൊണ്ടുവന്നു വിതരണം ചെയ്യുന്നതായി പത്രത്തിൽ ഫോട്ടോ സഹിതം വാർത്ത വന്നു. അപ്പോൾ ബന്ധപ്പെട്ട കളക്ടറേയും അതുപോലെതന്നെ ഫോട്ടോ പ്രസിദ്ധീകരിച്ച പത്രത്തിന്റെ പ്രതിനിധിയേയും വിളിച്ചു. ആ പ്രതിനിധി ആ വണ്ടിയുടേയോ ഫോട്ടോ എടുത്ത സ്ഥലത്തിന്റെയോ വിശദവിവരങ്ങൾ നൽകാൻ തയ്യാറായില്ല. പോലീസിനെക്കൊണ്ട് കേസ് രജിസ്റ്റർ ചെയ്യിച്ച് അതിനെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിവരികയാണ്.

ശ്രീ. പി. നാരായണൻ : ബാലവേല ചെയ്തുവരുന്ന കുട്ടികളുടെ സുരക്ഷിതത്വവും അവരുടെ വിദ്യാഭ്യാസവും ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നിലവിൽ ഉണ്ടോ ; ഐ.എൽ.ഒ-യുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെൻറ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: സംസ്ഥാനത്ത് ബാലവേല സംബന്ധിച്ച് ഒരു പ്രശ്നം ഉള്ളത് ഐ.എൽ.ഒ.-യും അതുപോലെതന്നെ നമ്മുടെ നിയമങ്ങളും എല്ലാം നിരോധിക്കുന്നത് Hazardous labour കഠിന പ്രയത്നം ആവശ്യമുള്ള ബാലവേല മാത്രം ആണ്. അങ്ങനെ നോക്കുമ്പോൾ സംസ്ഥാനത്ത് കഠിന പ്രയത്നം ആവശ്യമുള്ള

ബാലവേല ഇല്ല എന്നുതന്നെ പറയാം. കഷ്ടിച്ച് ഇവിടെ ഹോട്ടലുകളിൽ നിൽക്കുന്നത് മാത്രമാണ്. അത് Hazardous child labour അല്ല. അതാണ് പ്രശ്നം. ഇവിടെ അവശേഷിക്കുന്നത് ഹോട്ടലുകളിലും ചില വർക്ക്ഷോപ്പുകളിലുമാണ്. വർക്കുഷോപ്പുകളിൽ ബാലവേല അല്ല, ട്രെയിനിംഗ് ആണെന്നാണ് interpretation. 14 വയസ്സ് എന്നാണ് ഇതിന്റെ സർട്ടിഫിക്കേഷൻ, 2004-ൽ വളരെ വിശദമായി രണ്ടുലക്ഷത്തിലേറെ ഇൻസ്റ്റിറ്റ്യൂഷനുകൾ സന്ദർശിച്ച് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റ് പരിശോധന നടത്തി. അതിൽ അഞ്ഞൂറിൽ താഴെ കുട്ടികൾ മാത്രമേ ബാലവേല ചെയ്യുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. അത് താരതമ്യേന നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പൊതു സ്ഥിതിവച്ചുനോക്കിയാൽ കഠിനമായ ബാലവേല അല്ല. Hazardous child labour ഇല്ല എന്നാണ് പൊതുവായി അംഗീകരിച്ചിരിക്കുന്നതും.

ശ്രീ. ബിനോയ് വിശ്വം : ചോദ്യത്തിൽ (എ) ഭാഗത്തിന്റെ മറുപടിയിൽ ഉദാസീനമായിട്ട് ബഹുമാനപ്പെട്ട മന്ത്രി പറയുകയാണ്, ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് (ബി) ചോദ്യത്തിന്റെ ഉത്തരത്തിൽ 14 ജില്ലകളിലും ജില്ലാകളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറുമായി ജില്ലാ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ-കം-വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനത്തിനാവശ്യമായ പണവും അനുവദിച്ചിട്ടുണ്ട് എന്ന് പറയുകയുണ്ടായി. ബാലവേല കർശനമായി തടയാൻ ഉദ്ദേശിക്കുന്നുണ്ടോ ? (ഡി) ചോദ്യമാണ്. ഉത്തരം ഉണ്ട് എന്നാണ്. (എ)-യുടെ മറുപടിയിൽ, ആ നിലപാടുകളുള്ള ഗവൺമെന്റ്, ഒരു പത്രവാർത്തകണ്ടു എന്നുമാത്രം പറഞ്ഞ് കൈകെട്ടിനിൽക്കുന്ന മനോഭാവത്തിന് അർത്ഥം എന്താണ് ? ഈ ഗവൺമെന്റ് ബാലവേല തടയാൻ ഉദ്ദേശിക്കുന്നില്ല എന്നും പ്രോത്സാഹിപ്പിക്കാൻ നിൽക്കുന്നു എന്നും ഈ ഉത്തരങ്ങൾ ചൂണ്ടിക്കാണിച്ച് ഞാൻ ആരോപിച്ചാൽ അങ്ങ് അംഗീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ഞാൻ പറഞ്ഞല്ലോ ചോദ്യം ഇതാണ് തോട്ടം മേഖലയിലും മറ്റും ബാലവേല ഉണ്ടോ എന്നതാണ്. തോട്ടം മേഖലയിൽ ഇല്ല. തൃശൂരിലെ പത്രവാർത്ത ആണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. അതുകൊണ്ടാണ് ഞാൻ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടു എന്നു പറഞ്ഞത്. പത്രവാർത്ത സംബന്ധിച്ച് അപ്പോൾത്തന്നെ കേസ് എടുത്തിട്ടുണ്ട്. അന്വേഷണം നടക്കുകയാണ്.

ശ്രീ. ബിനോയ് വിശ്വം : ഇതെല്ലാം പത്രവാർത്തകളാണ്, ഇഷ്ടംപോലെയുണ്ട്. 315 ബാലവേലക്കാർ മാത്രമേയുള്ളൂവെന്നാണ് പുത്തൻ സർവ്വേ പറയുന്നത്. 1996-ലെ സർവ്വേ പറഞ്ഞത് 10,076 പേരുണ്ടെന്നാണ്. അതിൽത്തന്നെ ഹസാർഡ്യുവസ് ജോബ്സിൽ 842 പേരുള്ളതായും അന്ന് പറഞ്ഞിരുന്നു. ഈ സഭയുടെ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായുള്ള സമിതി പറഞ്ഞത് ഈ സർവ്വേഫലം മുഴുവൻ അബദ്ധമാണ്, പുത്തൻ സർവ്വേ വേണമെന്നാണ്. അത് ഈ വകുപ്പിനും മന്ത്രിക്കും ഗവൺമെന്റിനും അറിയാം. അതുകൊണ്ട് സത്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഈ സർവ്വേ ഫലത്തെമാത്രം അടിസ്ഥാനമാക്കി ഗവൺമെന്റ് നീങ്ങുന്നത് എന്തിനുവേണ്ടിയാണെന്ന് ഈ സഭയ്ക്ക് അറിയണം.

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും വസ്തുതകളെ മൂടിവച്ച ആ സർവ്വേ തള്ളിക്കളഞ്ഞുകൊണ്ട് പുത്തൻ സർവ്വേ നടത്തി ഈ പാവപ്പെട്ട കുട്ടികളെ സംരക്ഷിക്കാൻ വേണ്ടിയുള്ള നീക്കം നടത്താനുള്ള രാഷ്ട്രീയ ഇച്ഛ ഗവൺമെന്റിനുണ്ടോ എന്നാണ് അറിയേണ്ടത്.

ശ്രീ. ബാബു ദിവാകരൻ: രാഷ്ട്രീയ ഇച്ഛ തീർച്ചയായുമുണ്ട്. അങ്ങ് പറഞ്ഞതുപോലെ 1996-ലെ സർവ്വേയിൽ പതിനായിരത്തിൽപ്പരം പേരെ കണ്ടെത്തിയെന്നു പറഞ്ഞത് തെറ്റാണ്. അത് തള്ളിക്കളയണമെന്ന് ആ സമിതി പറഞ്ഞു. അതനുസരിച്ചാണ് കഴിഞ്ഞവർഷം, 2004-ൽ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിനെ കൊണ്ടുതന്നെ വളരെ വിശദമായ ഒരു സർവ്വേ നടത്തിയത്. നേരത്തേയുള്ളത് ലേബർ ഡിപ്പാർട്ടുമെന്റും സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റും തന്നതാണ്. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് 2,15,000-ത്തോളം ഇൻസ്റ്റിറ്റ്യൂഷനുകൾ സന്ദർശിച്ച് വളരെ വിശദമായി സർവ്വേ നടത്തി. അതിലാണ് 500-ൽ താഴെ മാത്രമേ ഹസാർഡ്യുവസ് ചൈൽഡ് ലേബർ ഉള്ളൂവെന്ന് കണ്ടെത്തിയത്. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് തരുന്ന കണക്കുകൾ തള്ളിക്കളയണമെന്നു പറഞ്ഞാൽ എങ്ങനെയാണ്? ഏതെങ്കിലുമൊരു ബേസ് വച്ചുമാത്രമേ നമുക്കിത് ചെയ്യാൻ പറ്റുകയുള്ളൂ. അതിനാണ് ഈ സർവേ ബേസ് ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്നത്.

ശ്രീ. എൻ. രാജൻ: അന്യ സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ സംഘങ്ങളായി നമ്മുടെ നാട്ടിൽ കൊണ്ടുവന്ന് സംഘടിപ്പിച്ച് യാചകവൃത്തി നടത്തുന്നത് പത്രങ്ങളിൽക്കൂടി ശ്രദ്ധിച്ചിട്ടുള്ളതാണ്. ഇത്തരം മാഫിയാ സംഘങ്ങളെ കർശനമായി തടയുന്നതിനും അതുപോലെ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങനെ യാചകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കും. ലേബർ ഡിപ്പാർട്ടുമെന്റിന്റെ സൊസൈറ്റി മുഖേന അവരെ റീഹാബിലിറ്റേറ്റ് ചെയ്യുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. അതിലും ഒരു ബുദ്ധിമുട്ട് വന്നു. ഇപ്പോൾ അന്യ സംസ്ഥാനങ്ങളിൽ നിന്നുമാണ് ഈ കുട്ടികൾ വരുന്നത്. ആ കുട്ടികളെ പുനരധിവസിപ്പിക്കണമെങ്കിൽ, അവരെ വിദ്യാഭ്യാസം ചെയ്യിപ്പിക്കണമെങ്കിൽ, അവരെ തമിഴ് സ്കൂളുകളുള്ള സ്ഥലത്തുകൊണ്ടുപോയി ചേർക്കേണ്ടിവരുന്നു. അങ്ങനെ ചെയ്യുമ്പോൾ രണ്ടോ മൂന്നോ നാലോ കുട്ടികൾക്കുവേണ്ടി ചിലപ്പോൾ ഒരു സ്ഥാപനംതന്നെ നമ്മൾ തുടങ്ങേണ്ടിവരും. അങ്ങനെയൊക്കെയുള്ള പ്രശ്നങ്ങളാണ് ഉള്ളത്. അതുകൊണ്ട് വളരെ അപൂർവ്വമായി അങ്ങനെകണ്ടെത്തുന്ന കുട്ടികളെ അന്യസംസ്ഥാനത്തേയ്ക്കുതന്നെ നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ ചെലവിൽ തിരിച്ച് എത്തിക്കുന്ന സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്.

ശ്രീ. എൻ. രാജൻ: അറിഞ്ഞുകൊണ്ടുതന്നെ ബാലവേല നടത്തുന്ന സ്ഥാപനങ്ങളാണ് കശുവണ്ടി ഫാക്ടറികൾ. 100-ഉം 200-ഉം പേർ പണിയെടുക്കുന്നതിനുവേണ്ടി ലൈസൻസുള്ള ഫാക്ടറികളിൽ ആയിരക്കണക്കിന് തൊഴിലാളികളാണ് പണിയെടുക്കുന്നത്. അതിൽ 98%-വും സ്ത്രീകളാണ്. സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറികളിൽ വളരെ ചെറിയ പെൺകുട്ടികൾ പണിയെടുക്കുന്നുണ്ട്. അവർക്ക് ഇ. എസ്. ഐ., പി. എഫ്. തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കാൻ വേണ്ടിയാണ് സ്വകാര്യ മാനേജുമെന്റുകൾ അങ്ങനെ ചെയ്യുന്നത്. ഇത് നിയന്ത്രിക്കുന്നതിനും തടയുന്നതിനും എ. എൽ. ഒ. ഡി. എൽ. ഒ. ഒക്കെ അടങ്ങുന്ന ഒരു എൻഫോഴ്സ്മെന്റ് കമ്മിറ്റി ഉണ്ട്. അവർപോലും ഇത് ശ്രദ്ധിക്കുന്നില്ല. ഇതുംകൂടി അവരുടെ പരിഗണനയ്ക്കെടുക്കുന്നതിനുള്ള നടപടികൾ തൊഴിൽവകുപ്പ് ചെയ്യുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ബാബു ദിവാകരൻ: കിളിമാനൂരിൽ എവിടെയെങ്കിലും അങ്ങനെ 14 വയസ്സിൽ താഴെയുള്ള പെൺകുട്ടികൾ ജോലി ചെയ്യുന്നുണ്ടോയെന്നറിയില്ല. അങ്ങനെയുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും നടപടിയെടുക്കാം. പക്ഷേ കശുവണ്ടി ഫാക്ടറികളിൽ 14 വയസ്സിൽ താഴെയുള്ള കുട്ടികളെക്കൊണ്ട് പണിയെടുപ്പിച്ചാൽ ഒരിക്കലും അത് മുതലാളിമാർക്ക് ലാഭകരമാവുകയില്ല. അവർക്ക് ഔട്ട്പുട്ട് വളരെ കുറവായിരിക്കും. അതുകൊണ്ട് കശുവണ്ടി ഫാക്ടറികളിൽ അങ്ങനെ ബാലവേല നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല, അങ്ങനെയുണ്ടെങ്കിൽ നടപടിയെടുക്കാം.

ശ്രീ. എം. കുമാരൻ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ കഠിനജോലി ചെയ്യുന്ന കുട്ടികളെ ഒഴിവാക്കാൻവേണ്ടി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായി ജില്ലാ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ-കം-വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആവശ്യമായ ഫണ്ടും കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. എന്നാൽ ഫണ്ട് വിനിയോഗിക്കുന്നതിനോ ഈ വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനോ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടില്ല. ഓരോ വർഷം കഴിയുംതോറും ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളുടെ എണ്ണം ഏറിവരുന്ന ഒരു സംസ്ഥാനമെന്നുള്ള നിലയിൽ ഈ വെൽഫെയർ സൊസൈറ്റികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ബാബു ദിവാകരൻ: ഇപ്പോൾ ബാലവേല ഏറിവരുന്നു എന്നുപറഞ്ഞതിനോട് യോജിക്കാൻ കഴിയില്ല. സർവ്വേകൾ എല്ലാം തെളിയിക്കുന്നത് അങ്ങനെയല്ല. പക്ഷേ സൊസൈറ്റികൾ എവിടെയെങ്കിലും അങ്ങനെ ഹസാർഡുവസ് ആയിട്ടുള്ള ചൈൽഡ് ലേബർ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി റീഹാബിലിറ്റേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പല ജില്ലകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഞാൻ പറയുന്നില്ല.

ശ്രീ. എം. കുമാരൻ: ബാലവേല പൂർണ്ണമായും നിർത്തുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള "കേരള ചൈൽഡ് ലേബർ ബിൽ" സർക്കാരിന്റെ പരിഗണനയിലാണെന്നുപറഞ്ഞു. അതുപോലെ ബോധവൽക്കരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഡോക്കുമെന്ററി പിലിം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും പറഞ്ഞു. എന്നാൽ യഥാർത്ഥത്തിൽ ഇത്തരം കുട്ടികൾ ഏറെയുള്ളത് പട്ടിണികൊണ്ട് കഷ്ടപ്പെടുന്ന സമയത്ത് ജോലി ചെയ്യേണ്ടിവരുന്ന അനാഥരായിട്ടുള്ള കുട്ടികൾ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികൾ എന്നിവരാണ്. ദൈവത്തിന്റെ സ്വന്തം നാട്ടിലാണ് ഇതുള്ളത്. അതുകൊണ്ട് ഈ ബിൽ നിയമമായി വരുമ്പോൾ അല്ലെങ്കിൽ പരിഗണനയിലുള്ള ബിൽ വരുമ്പോൾ ഇത്തരത്തിലുള്ള കുട്ടികളെ ഗവൺമെന്റ് ഏറ്റെടുക്കാൻ ഈ ബില്ലിൽ എന്തൊക്കെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ബാബു ദിവാകരൻ: ഇത് വളരെ ഗൗരവത്തിൽ ഗവൺമെന്റ് കൊണ്ടുവരാനുദ്ദേശിക്കുന്ന ഒരു ബില്ലാണ്. നമ്മുടെ സംസ്ഥാനത്ത് തൊഴിവിലേർപ്പെടുന്ന തൊഴിവാളികളുടെ പ്രായത്തെ സംബന്ധിച്ച് അല്ലെങ്കിൽ കുട്ടികളുടെ പ്രായത്തെ സംബന്ധിച്ച് ഒരു നിശ്ചിത പരിധിവേണം. ഇതുസംബന്ധിച്ച് ഇപ്പോൾ സുപ്രീംകോടതി വിധികളുണ്ട്. 14 വയസ്സിന് താഴെയുള്ള കുട്ടികളേയും ജോലിക്ക് പ്രവേശിപ്പിക്കാമെന്നു തന്നെ വ്യക്തമാക്കുന്ന കോടതി വിധികളുണ്ട്. പക്ഷേ വളരെ പുരോഗമനപരമായിത്തന്നെ നമ്മുടെ സംസ്ഥാനത്തെ കുട്ടികൾക്ക് 14 വയസ്സുവരെ നിർബന്ധിത വിദ്യാഭ്യാസം ഒരു ഫണ്ടമെന്റൽ റൈറ്റ് ആണ്. അത് നമ്മുടെ ഭരണഘടന അംഗീകരിച്ചിട്ടുള്ള ഫണ്ടമെന്റൽ റൈറ്റ് ആണ്. അത് നിലനിൽക്കുമ്പോൾ 14 വയസ്സിനു താഴെയുള്ള കുട്ടികൾ പഠിക്കുകയും ജോലി ചെയ്യുകയും ചെയ്യുക എന്നുപറയുന്നത് അസാധ്യമായ കാര്യമാണ്. അതുകൊണ്ടുതന്നെ ഈ ബിൽ കൃാബിനറ്റിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ട്. കേരളത്തിൽ 14 വയസ്സുവരെയുള്ള ഒരു കുട്ടിയെയുംകൊണ്ട് ജോലി ചെയ്യിക്കാൻ പാടില്ല എന്ന ഒരു നിയമംതന്നെയാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അത് ആരോഗ്യത്തോടുകൂടി നമ്മളെല്ലാവരുംചേർന്ന് ഈ സഭയിൽ തന്നെ പാസ്സാക്കണമെന്ന് ഞാൻ ഈ അവസരത്തിൽ നിർദ്ദേശിക്കുകയാണ്.

ശ്രീ. കെ. മോഹൻകുമാർ: തോട്ടം മേഖലയിലേയും അംഗീകൃത തൊഴിൽ സ്ഥാപനങ്ങളിലേയും സ്റ്റാറ്റിസ്റ്റിക്സ് ആയിരിക്കണം അങ്ങ് ഇവിടെ അവതരിപ്പിച്ചത് എന്ന് ഞാൻ കരുതുന്നു. അപ്രതീക്ഷിതമായി കുടുംബനാഥന്മാരുടെ ആത്മഹത്യയോ അതല്ലെങ്കിൽ കഠിനമായ അനാരോഗ്യമോ കൊണ്ട് ആഹാരത്തിനും വസ്ത്രത്തിനുംവേണ്ടി വളരെ കഠിനമായി തൊഴിലുകൾ ചെയ്യേണ്ടിവരുന്ന 10 വയസ്സിനു താഴെയുള്ള കൊച്ചുകുട്ടികളുടെ സംഖ്യ നമ്മുടെ നാട്ടിൻപുറങ്ങളിൽ ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. അതിൽ ചില ഒറ്റപ്പെട്ട കേസുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈയിടെ സന്ദർശിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചതുപോലെ ചില സ്ഥലങ്ങളിൽ ചില സംരംഭങ്ങൾ നടക്കുന്നുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ ആ ബിൽ പരിഗണനയ്ക്കുവരുന്ന പശ്ചാത്തലത്തിൽ ആഹാരത്തിനും വസ്ത്രത്തിനുംവേണ്ടി 10 വയസ്സിനുതാഴെയുള്ള കുട്ടികൾ കഠിനമായി ജോലികൾ ചെയ്യേണ്ടിവരുന്ന സാഹചര്യം

2/2312/12

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ഗവൺമെന്റിന്റെ ഇതര വകുപ്പുകളേയുംകൂടി സംയോജിപ്പിച്ചുകൊണ്ട് ഒരു ക്ഷേമ പദ്ധതിക്ക് രൂപം നൽകാൻ തൊഴിൽ വകുപ്പ് മുൻകൈ എടുക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ഈ ബില്ലിൽ ഉദ്ദേശിക്കുന്നത് അതാണ്. നാട്ടിൻ പുറങ്ങളിൽ കൂടുതലും വീട്ടുജോലിക്കാണ് ഇങ്ങനെയുള്ള കുട്ടികളെ എൻഗേജ് ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അതുപോലും നിരോധിക്കണം. അങ്ങനെ 14 വയസ്സിനുതാഴെയുള്ള കുട്ടികളെ ജോലിക്ക് ഏർപ്പെടുത്തുന്നത് കണ്ടാൽ 20,000 രൂപവരെ ശിക്ഷിക്കാൻ വകുപ്പുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ 20,000 രൂപ ഫൈനായിട്ടില്ല, അത് ഈ സൊസൈറ്റിയിലേയ്ക്ക് കൊടുക്കണമെന്നുള്ളതാണ്. ഈ കുട്ടികളുടെ റീഹാബിലിറ്റേഷനുവേണ്ടി ഉപയോഗിക്കാനാണത്. അതുപോലുള്ള പ്രൊവിഷൻസൊക്കെ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് 14 വയസ്സിനു താഴെയുള്ള കുട്ടികൾ ജോലിയെടുക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പലപ്പോഴും കുടുംബത്തിലെ സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ആ കുട്ടിയെ അങ്ങനെയൊരു ജോലിക്കുപോകാൻ പ്രേരിപ്പിക്കുന്നത്. അതുകൂടി പരിഗണിക്കേണ്ടതാണെന്നുള്ള കാര്യത്തിൽ സംശയമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: അങ്ങ് ഇവിടെ മറുപടി പറഞ്ഞപ്പോൾ പത്രവാർത്തയുടെ കാര്യം സൂചിപ്പിച്ചു. തൃശ്ശൂരിൽ നിന്നും വന്ന റിപ്പോർട്ടാണ്. മാതൃഭൂമി പത്രത്തിലെ ഒന്നാമത്തെ പേജിലാണ് റിപ്പോർട്ട് വന്നത്. തമിഴ്നാട്ടിൽ നിന്നും കുട്ടികളെ വണ്ടിയിൽ കൊണ്ടിറക്കി അവരെ ഇടനിലക്കാർ സപ്ലൈ ചെയ്യുന്നതിന്റെ ചിത്രവും വിശദമായ റിപ്പോർട്ടുമാണ് വന്നത്. പിറ്റേദിവസത്തെ മാതൃഭൂമി പത്രത്തിൽ തന്നെ എഡിറ്റോറിയലും വന്നു. ഇത് റിപ്പോർട്ടുചെയ്ത മാതൃഭൂമി ലേഖകൻ ശ്രീ. റാഫിയെ പോലീസ് വിവരങ്ങൾ ശേഖരിക്കാനല്ല വിളിച്ചത്, അയാളെ ചോദ്യം ചെയ്യാനും അയാളുടെ പേരിൽ നടപടി സ്വീകരിക്കാനുമാണ്. അയാളുടെ പേരിൽ ക്രിമിനൽ പ്രൊസീഡുവർ ചട്ടമനുസരിച്ച് നോട്ടീസ് കൊടുക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ അപ്പോൾത്തന്നെ വിവരം പെടുത്തിയതുകൊണ്ടാണ് അയാളെ പോലീസ് അറസ്റ്റ് ചെയ്ത് പീഡിപ്പിക്കാതിരുന്നത്. ഇത്തരം റിപ്പോർട്ടുകൾ വരുമ്പോൾ ആ റിപ്പോർട്ടിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുപകരം ഇത്തരം ഇടനിലക്കാരേയും ബാലവേല പ്രോൽസാഹിപ്പിക്കുന്നവരേയും സഹായിക്കുന്ന നടപടി പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത് ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കുമോ, ഈ തൃശ്ശൂർ സംഭവത്തെ സംബന്ധിച്ച് പ്രത്യേകമായി നടപടിയെടുക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ആ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഞാൻ ലേബർ കമ്മീഷണറേയും അവിടത്തെ എസ്. പി.-യേയും വിളിച്ചു ഇതു സംബന്ധിച്ച് വിശദമായി അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തണമെന്നു പറഞ്ഞു. ലേബർ കമ്മീഷണർ ഈ മാതൃഭൂമി ലേഖകനെ നേരിട്ടു വിളിച്ചു,

LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാരല്ല വിളിച്ചത്. ആ പടം നിങ്ങൾ ശ്രദ്ധിച്ചോ? ആ വണ്ടിയുടെ നമ്പർ ഇല്ലാത്ത പടമാണ് കൊടുത്തിരിക്കുന്നത്. ആ വണ്ടിയുടെ നമ്പർ ലേഖകന് കിട്ടിക്കാണുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ നമ്പർ കാണാത്ത വിധത്തിലുള്ള ഒരു പടമാണ് കൊടുത്തിരിക്കുന്നത്. ആ വണ്ടിയുടെ നമ്പരുള്ള ഒരു പടം തരാൻ കഴിയുമെങ്കിൽ ആ നമ്പർ വച്ചിട്ട് അവരെ ട്രെയ്സ് ചെയ്യാൻ കഴിയുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ലേബർ കമ്മീഷണർ ആ ലേഖകനെ വിളിച്ചത്. ലേബർ കമ്മീഷണർ റിക്വസ്റ്റ് ചെയ്തിട്ടുപോലും ലേഖകൻ ഡീറ്റെയിൽസ് കൊടുത്തിട്ടില്ല. പിന്നെ പോലീസുകാർ പീഡിപ്പിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. എന്തായാലും അങ്ങനെയൊരു സമീപനം ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകില്ല. പോലീസുകാർ പീഡിപ്പിച്ചു എന്നു പറയുന്നതിനോട് എനിക്കു പൂർണ്ണമായും യോജിക്കാനാകുന്നില്ല. ഈ സംഭവമറിഞ്ഞയുടൻ ഞാൻ എസ്.പി.-യെ വിളിച്ച് ഇക്കാര്യത്തിൽ വളരെ കർശനമായ നടപടികൾ സ്വീകരിച്ച് വണ്ടിയെയും ആ വണ്ടി ഉപയോഗിച്ചവരേയും കണ്ടെത്തണമെന്ന് നിർദ്ദേശം കൊടുത്തതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: കേരളത്തിലങ്ങോളമിങ്ങോളമുള്ള വർക്കുഷോപ്പുകളിൽ ബാലവേല ചെയ്യുന്ന ധാരാളം കുട്ടികളെ കാണാൻ കഴിയും. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, ട്രെയിനിംഗ് എന്ന നിർവ്വചനത്തിന്റെ കീഴിൽ വരുന്നുവെന്നുള്ളതുകൊണ്ട് നടപടിയെടുക്കാൻ കഴിയില്ലെന്നാണ് മറുപടി പറഞ്ഞത്. ദാരിദ്ര്യം അല്ലെങ്കിൽ അനാഥത്വം കൊണ്ടാണ് ഈ കുട്ടികൾ വർക്കുഷോപ്പുകളിലേയ്ക്ക് വരാനിടയായത്. ആ കുട്ടികൾ ജോലി ചെയ്യുമ്പോൾ അവർക്കാവശ്യമുള്ള ഭക്ഷണവും സുരക്ഷിതത്വവും ഉറപ്പു വരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റിനു കഴിയുമോ? ഗവൺമെന്റ് അക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ബാബു ദിവാകരൻ: വർക്കുഷോപ്പുകളുടെ അസോസിയേഷൻകാരുമായി ഞാൻ ഇക്കാര്യം ടേക്കപ്പ് ചെയ്തു. 14 വയസ്സിനു താഴെയുള്ള കുട്ടികളെ ഒരു കാരണവശാലും വർക്കുഷോപ്പുകളിൽ നിർത്താൻ പാടില്ലെന്ന് അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുപോലെ Automobile Association, Hotel and Restaurants Association എന്നിവയിലെ ആളുകളുമായും ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. റോട്ടലുകളിൽ, 14 വയസ്സിനു താഴെയുള്ള കുട്ടികളെ എൻഗേജു ചെയ്തിക്കുന്നത് കണ്ടാൽ അവരുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമെന്ന് അവരെ അറിയിച്ചിട്ടുമുണ്ട്.

ശ്രീ. എ. എ. അസീസ്: 14 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ അമിതമായി കാണാൻ കഴിയുന്നത് തമിഴ്നാട്ടുകാർ നടത്തുന്ന ഹോട്ടലുകളിലാണ്. അവരെ നമുക്ക് പുനരധിവസിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും അത്തരം കുട്ടികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കാൻ പാടില്ലെന്നുള്ള നിലയിൽ എൻഫോഴ്സ്മെന്റ് നടത്തി കർശനമായി നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ? ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എൻറോഴ്സ്മെന്റ് എന്നു പറയുന്നത് ഫലപ്രദമല്ല. ബാലവേല നിർമ്മാർജ്ജനം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായിത്തീരണമെങ്കിൽ ഇനിയും കൂടുതൽ പ്രചാരണം ആവശ്യമാണ്. ഇതിനുവേണ്ടി ഞാൻ ഇതിനുമുമ്പും പ്രചാരണപരിപാടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. ബാബു ദിവാകരൻ: അങ്ങു പറഞ്ഞത് വളരെ ശരിയാണ്. ഹോട്ടലുകളിൽ തമിഴ്നാട്ടുകാരും ആന്ധ്രാക്കാരുമായ ധാരാളം കുട്ടികൾ പാത്രം കഴുകുന്നതിനും മറ്റുമായി നിൽക്കുന്നുണ്ട്. അതു കഠിന പ്രയത്നം ആവശ്യമുള്ള ജോലിയല്ല. അതു ബാലവേലയുടെ പരിധിയിൽ വരുന്നതല്ല. നിയമപരമായി നടപടിയെടുക്കുന്നതിനുള്ള ഒരു തടസ്സവും അതാണ്. എങ്കിലും ഹോട്ടൽ ആന്റ് റസ്റ്റാറന്റ്സ് അസോസിയേഷൻ ഭാരവാഹികളുമായും ഈ രംഗത്തു പ്രവർത്തിക്കുന്ന മുഴുവൻ സന്നദ്ധ സംഘടനകളുമായും മോട്ടോർ വർക്കുഷോപ്പ് അസോസിയേഷൻ ഭാരവാഹികളുമായും ഒക്കെ ഒരു ദിവസത്തെ സെമിനാർ നടത്തുന്നുണ്ട്. അതിൽ 14 വയസ്സിനു താഴെയുള്ള കുട്ടികളെ ഒരു കാരണവശാലും ഈ സ്ഥാപനങ്ങളിൽ എൻഗേജ് ചെയ്യിക്കാൻ പാടില്ലെന്നുള്ള ഒരു തീരുമാനം കർശനമായും നടപ്പാക്കും. 14 വയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ട് കഠിനപ്രയത്നമുള്ള ജോലികൾ ചെയ്യിക്കുന്നുണ്ടെങ്കിൽ മാത്രമേ അവരെ ശിക്ഷിക്കാൻ പാടുള്ളൂ. അതാണൊരു നിയമ തടസ്സം. എങ്കിലും നമ്മുടെ പൊതു നിയമത്തിൽ 14 വയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ട് ജോലിയെടുപ്പിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമമാണ് നമ്മൾ പാസ്സാക്കാൻ പോകുന്നത്. അതു വന്നു കഴിഞ്ഞാൽ പിന്നെ ഇതിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

തൊഴിലില്ലാത്ത യുവാക്കൾക്ക് വ്യവസായ സംരംഭകരായി പരിശീലനം

3 [*232] ശ്രീ. കെ. സി. ജോസഫ് :

„ ടി. വി. ചന്ദ്രമോഹൻ :

„ വി. ഡി. സതീശൻ :

ഡോക്ടർ എം. എ. കുട്ടപ്പൻ :

ശ്രീ. എം. കെ. നോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവാക്കളെ വ്യവസായ സംരംഭകരാക്കി വളർത്തിയെടുക്കുവാൻ എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) അവർക്ക് പരിശീലനം നൽകുന്നതിനും, പ്രാഗത്ഭ്യം തെളിയിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): (എ, ബി) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതിയായ പി. എം. ആർ. വൈ., അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കളെ ചെറുകിട വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly